## V. റൂളിംഗ്

മി. സ്പീക്കർ : അംഗങ്ങൾക്ക് ചോദ്യത്തിനുള്ള മറുപടി കൊടുക്കണമെന്ന ഈ വിഷയം സഭയിൽ പലപ്രാവശ്യം ചർച്ചചെയ്തതാണ്. രണ്ടു മൂന്നു പ്രാവശ്യമായി ചെയർ ഇവിടെ നിന്ന് റൂളിംഗ് നല്കിയതാണ്. രണ്ടു മൂന്നു സഭ കഴിഞ്ഞിട്ടും, ഇപ്പോഴും ചോദ്യങ്ങൾക്ക് കൃത്യസമയത്ത് ഉത്തരം കിട്ടാത്ത സ്ഥിതി നിലനിൽക്കുകയാണ്. ബന്ധപ്പെട്ട മന്ത്രിമാർ അത് ശ്രദ്ധിക്കണമെന്ന് ചെയർ വീണ്ടും പറയുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : ഈ ഗവൺമെന്റ് വന്ന സമയംതൊട്ട് ചോദിച്ച ചോദ്യങ്ങൾക്ക് മറുപടി കിട്ടാനുണ്ട്. ഇപ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയെ സംബന്ധിച്ച് ചോദിച്ചിട്ട് വിവരം ശേഖരിച്ചു വരുന്നതേയുള്ളു എന്നു പറഞ്ഞു. ഞങ്ങൾ റൈറ്റ് ടു ഇൻഫർമേഷൻ അനുസരിച്ചു പോകണമോ?. എം.എൽ.എ. അതിനുവേണ്ടി പോകുക എന്നു പറഞ്ഞാൽ......, ശ്രീ. ജോസഫ്. എം. പുതുശ്ശേരി ഇപ്പോൾ വിവരങ്ങൾ ശേഖരിച്ച് മുഖ്യമന്ത്രിക്ക് കൊടുത്തു എന്നു പറഞ്ഞത് റൈറ്റ് ടു ഇൻഫർമേഷൻ അനുസരിച്ചാണ്. ഇത് നമ്മുടെ നാടിന് തന്നെ അപമാനകരമാണെന്നുള്ളത് ഗവൺമെന്റ് കണക്കിലെടുക്കണം.

## ക്രമപ്രശ്നം—(തുടർച്ച)

### (2) തെറ്റായ വാർത്ത വന്നത് സംബന്ധിച്ച്

ശ്രീ. കെ. സി. ജോസഫ് : റൂൾ 155, സർ, കോൺഗ്രസ്സ് അംഗം സ്പീക്കറെ ജാതിപ്പേരു വിളിച്ചു എന്ന് ഇന്നത്തെ ദേശാഭിമാനി പത്രത്തിൽ ഒരു വാർത്തയുണ്ട്. നിയമസഭാംഗം സ്പീക്കറെ ജാതിപ്പേരുവിളിച്ച് ആക്ഷേപിച്ചു എന്നുപറഞ്ഞാണ്, ഞാൻ വാർത്ത വായിക്കുന്നില്ല. ഇന്നലെ രാത്രി പീപ്പിൾസ് ചാനലിൽ കോൺഗ്രസ്സ് എം.എൽ.എ.-മാരായ ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. ബി. ബാബു പ്രസാദ് എന്നിവർ സ്പീക്കറെ ജാതിപ്പേരു വിളിച്ചാക്ഷേപിച്ചു എന്നും അത് സംബന്ധിച്ച് നിയമസഭാ സ്പീക്കറുടെ നിർദ്ദേശപ്രകാരം അന്വേഷണം ആരംഭിച്ചുവെന്നും, നിയമസഭയുടെ ചീഫ് മാർഷലാണ് അന്വേഷിക്കുന്നതെന്നുമുള്ള വാർത്ത പ്രക്ഷേപണം ചെയ്യുകയുണ്ടായി. ഈ സഭയിൽ പ്രതിപക്ഷ പ്രതിഷേധം ആദ്യമൊന്നുമല്ല. എല്ലാസമയത്തും പ്രതിഷേധം ഉണ്ടാകാറുണ്ട്. ഞങ്ങൾ ഇന്നലെയും പ്രതിഷേധം രേഖപ്പെടുത്തി. ഞങ്ങൾ ന്യായമായ അവകാശ സംരക്ഷണം ആവശ്യപ്പെട്ടു, ഒരവസരത്തിലും ഞങ്ങൾ അതിരുവിട്ടു പോയിട്ടില്ല. അവിടെവരെ വരുന്നത് പുതിയ സംഭവമൊന്നുമല്ല. ശ്രീ. കോടിയേരി ബാലകൃഷ്ണനടക്കം ഇതിലൊക്കെ പങ്കെടുത്തിട്ടുള്ളവരാണ്. ഇന്നലെ ഞങ്ങൾ നടത്തിയ പ്രതിഷേധത്തിന് ഞങ്ങളെ വളരെ മോശമായി ചിത്രീകരിക്കുന്നതിന് വേണ്ടി രണ്ട് എം.എൽ.എ.-മാരെ നാണം കെടുത്താൻ, അവരെ അപമാനിക്കാൻ അങ്ങയെ കരുവാക്കി. നിയമസഭാ സ്പീക്കറെ ആക്ഷേപിച്ചു എന്നല്ല, നിയമസഭാ സ്പീക്കറെ ജാതിപ്പേരു വിളിച്ചു എന്നു പറയുന്നത് വളരെ അപമാനകരമാണ്. അങ്ങും കേട്ടതാണ്, അങ്ങയെ കരുവാക്കി ഞങ്ങളെ ബ്ലാക്ക്മെയിൽ ചെയ്യുന്നത് അവസാനിപ്പിക്കണം. ഇത് സംബന്ധിച്ച് പീപ്പിൾസ് ചാനലിനോടും, ദേശാഭിമാനിയോടും വിശദീകരണം ആവശ്യപ്പെട്ട്, അവരോട് മാപ്പ് പറയാൻ അങ്ങ് പറയണം.

മി. സ്പീക്കർ : ഇത് സംബന്ധിച്ച് ഇവിടെ ഉന്നയിക്കപ്പെട്ട കാര്യം പറഞ്ഞിട്ടുണ്ട് എന്ന് ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം വാർത്ത ഉണ്ടായതെങ്ങനെയെന്ന് ചെയറിനറിയില്ല. ഇതിനെ സംബന്ധിച്ച് അന്വേഷണത്തിനും ചെയർ ഉത്തരവിട്ടിട്ടില്ല. ഇത്തരം വാർത്തകൾ ചെയറിനെ വിവാദങ്ങളിലേയ്ക്ക് വലിച്ചിഴയ്ക്കുന്നവയാണ്. ഇത്തരം വാർത്തകളും പ്രശ്നങ്ങളും ഉണ്ടാകാതിരിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കണം എന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly